(Pages : 3) **R – 3305**

**Reg. No. : ..............................**

**Name : ..................................**

## Second Semester B.A. Degree Examination, September 2023

## Career Related First Degree Programme under CBCSS

## Malayalam and Mass Communications

## Complementary Course

## MX 1231 : വിവർത്തനപഠനവും സംസ്കാരവും

## (2021 Admission onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. ഏത് ഭാഷയിൽ നിന്നാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയ്ക്കു പറയുന്ന പേര്?

2. ലക്ഷ്യഭാഷ എന്നാലെന്ത്?

3. ഒരു ഭാഷ മറ്റൊരു ഭാഷയിലെ ലിപിയിലേക്ക് എഴുതുന്നതിനെ പറയുന്ന പേര്?

4. പാവങ്ങൾ (Les Miserables) എന്ന ഫ്രഞ്ച് നോവലിന്റെ മലയാള തർജ്ജമ ആരുടേത്?

5. 'കരടി' എന്ന നോവൽ വിവർത്തനം ചെയ്തതാര്?

6. യയാതി മലയാളത്തിലേക്കു വിവർത്തനം ചെയ്തതാര്?

7. ദേവഗീത ഏതു കൃതിയുടെ പരിഭാഷയാണ്?

P.T.O.

St. Xavier's College

8. എഡ്വിൻ അർനോൾഡിന്റെ ലൈറ്റ് ഓഫ് ഏഷ്യ ശ്രീബുദ്ധചരിതം എന്ന പേരിൽ വിവർത്തനം ചെയ്തതാര്?

9. 'തർജ്ജുമ' (തർജ്ജമ) ഏത് ഭാഷയിൽ നിന്നുള്ള മൂലപദമാണ്?

10. സഞ്ജയൻ (എം. ആർ. നായർ) വിവർത്തനം ചെയ്ത ഷേക്സ്പിയർ നാടകമേത്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. പണ്ഡിതപരിതോഷവാദം എന്നാലെന്ത്?

12. സഞ്ജയന്റെ വിവർത്തനസമീപനമെന്ത്?

13. പഴഞ്ചൊല്ലുകൾ വിവർത്തനം ചെയ്യുമ്പോൾ സ്വീകരിക്കാവുന്ന സമീപനമെന്ത്?

14. ന്യൂമാൻ വിവർത്തനത്തെക്കുറിച്ചു പ്രസ്താവിക്കുന്നതെന്തെല്ലാം?

15. സബ്ടൈറ്റിലിംഗ് – കുറിപ്പെഴുതുക.

16. മലയാളത്തിലെ രണ്ടു വിവർത്തനപഠനങ്ങൾ പരിചയപ്പെടുത്തുക.

17. വിവർത്തനത്തിന്റെ സാംസ്കാരിക പ്രാധാന്യമെന്തെന്ന് വ്യക്തമാക്കുക.

18. ഭാഷാരാഷ്ട്രീയം മുൻനിർത്തി ചിന്തിക്കുമ്പോൾ വിവർത്തനത്തിന്റെ പ്രാധാന്യമെന്ത്?

19. സ്ത്രീപക്ഷവിവർത്തനം – കുറിപ്പെഴുതുക.

20. വിവർത്തകർക്ക് വേണ്ട ഗുണങ്ങൾ ഏവ?

21. വിവർത്തനാതീതം എന്നാലെന്ത്?

22. സാരാംശ തർജ്ജമ എന്നാൽ എന്ത്?

**(8 × 2 = 16 Marks)**



III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ചങ്ങമ്പുഴയുടെ വിവർത്തനങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുക.

24. ബഹുവ്യവസ്ഥാസിദ്ധാന്തം എന്നാലെന്ത്? വ്യക്തമാക്കുക.

25. വിവർത്തനത്തിന്റെ പരിമിതികൾ ഏവ?

26. പ്രതിവിവർത്തനമെന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

27. മിഷനറിമാരുടെ ഗദ്യ വിവർത്തനങ്ങൾ ഭാഷയ്ക്കും സംസ്കാരത്തിനും നൽകിയ സംഭാവനകൾ വിലയിരുത്തുക.

28. കേസരിയുടെ വിവർത്തന രീതികൾ വിശകലനം ചെയ്യുക.

29. തർജ്ജമയിലെ നരഭോജനസിദ്ധാന്തത്തിന്റെ ഉള്ളടക്കമെന്ത്?

30. തർജ്ജമ പഠനത്തെ പറ്റിയുള്ള സൂസൻ ബാസ്നെറ്റിന്റെ നിരീക്ഷണങ്ങൾ ഏവ?

31. മലയാളത്തിലെ സ്ത്രീ വിവർത്തകരുടെ കൃതികൾ, അവയുടെ പ്രത്യേകതകൾ എന്നിവ വിശദീകരിക്കുക.

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. മലയാളത്തിൽ രാമായണത്തിനുണ്ടായ തർജ്ജമകളെ സാമാന്യമായി പരിചയപ്പെടുത്തുക.

33. സാഹിത്യവിവർത്തനത്തിൽ നേരിടുന്ന വെല്ലുവിളികൾ ഏവ? വ്യക്തമാക്കുക.

34. സാഹിത്യചരിത്രമെന്നത് ഏറെക്കുറെ വിവർത്തനചരിത്രം തന്നെയാണ് - പ്രസ്താവനയുടെ സാധുത വിലയിരുത്തുക.

35. മാധ്യമങ്ങളും വിവർത്തനവും - ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

———————



St. Xavier's College